കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കളമശ്ശേരി നഗരസഭ ,ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 25 ശുചീകരണ തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ 6 മാസക്കാലയളവിലേക്ക് നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.532/2016/തസ്വഭവ. തിരുവനന്തപുരം, 9.2.2016

പരാമർശം : 1) 23.09.2015 ലെ സ.ഉ(സാധാ)നം.2904/2015/തസ്വഭവ

2) കളമശ്ശേരി നഗരസഭാ കൗൺസിലിന്റെ 25.01.2016 3 ാം നം. തീരുമാനം

3) കളമശ്ശേരി നഗരസഭാ ചെയർപേഴ്സന്റെ അപേക്ഷ (തീയതി ഇല്ല ).

## ഉത്തരവ്

കളമശ്ശേരി നഗരസഭയിൽ ശുചീകരണ പ്രവർത്തനം നടത്തുന്നതിനായി പരാമർശം (1)ലെ ഉത്തരവ് പ്രകാരം 40 ശുചീകരണ തൊഴിലാളികളെ നാല് മാസക്കാലത്തേക്ക് താൽക്കാലിമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.പ്രസ്തുത ഉത്തരവിന്റെ കാലാവധി 31.01.2016 ൽ അവസാനിക്കുന്ന സാഹചര്യത്തിൽ 40 ജീവനക്കാരെ താൽക്കാലിക വ്യവസ്ഥയിൽ 6 മാസക്കാലത്തേക്ക്കൂടി നിയമിക്കണമെന്ന പരാമർശ കൗൺസിൽ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരമുള്ള അപേക്ഷ ലഭിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കളമശ്ശേരി നഗരസഭാ കൗൺസിൽ തീരുമാനം അംഗീകരിച്ച് താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾക്കും ഇതിലേയ്ക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കണമെന്നും ഉള്ള വ്യവസ്ഥയിൽ പരാമർശം (1)പ്രകാരം നിയമിച്ച 40 ശുചീകരണ തൊഴിലാളികളുടെ സേവനകാലാവധി അവസാനിക്കുന്ന മുറയ്ക്ക് 25 താൽക്കാലിക ജീവനക്കാരെ 01.02.2016 മുതൽ 6 മാസക്കാലയളവിലേക്ക് താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ പി എം മുഹമ്മദ് ഹനീഷ് ,

സെക്രട്ടറി.

നഗര കാര്യ ഡയറക്ടർ ,തിരുവനന്തപുരം .

സെക്രട്ടറി ,കളമശ്ശേരി നഗരസഭ .

ചെയർപേഴ്സൺ , കളമശ്ശേരി നഗരസഭ .

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.